**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3452** **05-08-2021 - ൽ മറുപടിയ്ക്ക്**

**പെരുമ്പള്ളി ഫിഷറീസ് ആശുപത്രിയുടെ പുതിയ കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കാൻ നിശ്ചയിച്ചിട്ടുള്ള പെരുമ്പള്ളി ഫിഷറീസ് ആശുപത്രിയുടെ പുതിയ കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ. നാളിതുവരെയായിട്ടും ലഭ്യമാകാത്തതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ; | (എ) | മുതുകുളം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ 50 ലക്ഷം രൂപയ്ക്ക് പെരുമ്പള്ളി ഫിഷറീസ് ആശുപത്രിയുടെ പുതിയ കെട്ടിടനിർമ്മാണത്തിന് വേണ്ടിയാണ് എം എൽ എ യുടെ ആസ്തി വികസന ഫണ്ട് വകകൊള്ളിച്ചിട്ടുള്ളത്. സ്ഥല പരിശോധനയിൽ നിലവിലുള്ള പെരുമ്പള്ളി ഫിഷറീസ് ആശുപത്രി കെട്ടിടവളപ്പിൽ പുതിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥല പരിമിതി നിലവിലുണ്ട്. എന്നാൽ 4000 സ്ക്വയർ ഫീറ്റോളം വരുന്ന സ്ട്രക്ചർ മാത്രം പൂർത്തിയായ ഒരു നില കെട്ടിടം നിലവിലുണ്ട്. ഇത് പെരുമ്പള്ളി ഫിഷറീസ് ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പകുതിയിൽ കൂടുതൽ ഭാഗം occupy ചെയ്യുന്നുണ്ട്. പരിശോധനയിൽ 15 വർഷങ്ങൾക്ക് മുമ്പ് സുനാമി ഫണ്ട് ഉപയോഗിച്ച് ഫിഷറീസ് വകുപ്പ് നിർമ്മിച്ച കെട്ടിടമാണെന്നും, അതിന്റെ കരാറുകാരൻ മരണപെട്ടു പോയെന്നുമാണ് അറിവായിട്ടുള്ളത്. ഇക്കാര്യങ്ങൾ ബോധിപ്പിച്ചു കൊണ്ടും ഈ കെട്ടിടം സാങ്കേതിക നിലവാരം പുലർത്തുന്ന രീതിയിൽ സ്ട്രക്ചർ പൂർത്തീകരിച്ചിട്ടുള്ളതിനാൽ അനുവദിക്കപ്പെട്ട ഫണ്ടുപയോഗിച്ച് ഈ കെട്ടിടം പൂർത്തികരിക്കുന്നതാണ് അഭികാമ്യം എന്നും ആയത് നിവർത്തിച്ച് കിട്ടുന്നതിനുവേണ്ടി അറിയിപ്പ് നൽകിയിട്ടുള്ളതും തുടർന്ന് ആയതിന്റെ എൻ.ഒ.സി ലഭ്യമാകുന്നതിനുവേണ്ടി 18.02.2021 ൽ ബഹു. ആലപ്പുഴ ജില്ലാ കളക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് ഡിപ്പാർട്ട്മെന്റിന് കത്ത് നല്കിയിട്ടുള്ളതുമാണ്. ഇതുവരെയും ഇതിന് തീർപ്പുകല്പിച്ചിട്ടില്ലാത്തതിനാൽ എസ്റ്റിമേറ്റ് എടുക്കുവാനോ തുടർനടപടികൾ സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ലാത്തതാണ്. |
| (ബി) | ഏത് ഉദ്യോഗസ്ഥനെയാണ് ഇതിന്റെ ഡി.പി.ആർ. നിർണ്ണയിക്കുന്നതിനായി | (ബി) | എക്സിക്യൂട്ടീവ് എൻജിനിയർ, ആലപ്പുഴ ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത ഉദ്യോഗസ്ഥൻ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദീകരിക്കാമോ; | | എൻജിനിയർ, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനിയർ, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് സ്ഥലം പരിശോധിച്ച് ഉത്തരം (എ) യിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ തീർപ്പാക്കുന്നതുവരെയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിൽ നിലവിൽ എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പാതി വഴിയിൽ ഉപേക്ഷിച്ച്, സ്ട്രക്ചർ മാത്രം പൂർത്തീകരിച്ച കെട്ടിടത്തിൽ തുടർന്നു പ്രവൃത്തി പൂർത്തിയാക്കുവാൻ ആ കെട്ടിടത്തിന്റെ എക്സിക്യൂഷൻ ഏജൻസി ആയ ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും എൻ.ഒ.സി. നിലവിലുള്ള കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡീറ്റെയിൽസ് എന്നിവ ലഭ്യമാക്കുന്ന മുറയ്ക്കും എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കി പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ